വ്യവസായമന്ത്രി (ശ്രീ. ടി. വി. തോമസ്) :

(എ) രണ്ട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ.

(ബി) കരുനാഗപ്പള്ളി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ കെട്ടിടങ്ങളുടെ പണി ഈയടുത്തകാലത്താണ് പൂർത്തിയായത്. അവിടെ ജലവിതരണത്തിനുള്ള ഏർപ്പാടുകൾ പൂർത്തിയാക്കേണ്ടതായിട്ടിരിക്കുന്നു. ഷെഡ്ഡുകളുടെ വാടകനിരക്ക് നിശ്ചയിക്കുകയും വേണ്ടിയിരിക്കുന്നു. ഇതിനുള്ള നടപടികൾ പൂർത്തിയായാലുടനെ എസ്റ്റേറ്റിൽ പ്രവർത്തനം ആരംഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ആറുപേർ.

മരാമത്തു പണികൾ

* 57. [133] ശ്രീ. ജി. ഗോപിനാഥൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സംസ്ഥാനത്തു പല മരാമത്തുപണികളും ഇന്നത്തെ കോൺട്രാക്റ്റ് സംപ്രദായംകൊണ്ടാണ് നടക്കാത്തതെന്നുള്ള ആക്ഷേപം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അവ ഡിപ്പാർട്ടുമെൻറിന്റെ നേരിട്ടുള്ള മുമതലയിൽ നടത്തുവാൻ വേണ്ട നടപടികൾ കൈക്കൊള്ളുമോ ;

(ബി) ഈ കാര്യത്തിൽ ഉണ്ടാകാനിടയുള്ള കാലതാമസം പരിഗണിച്ച് ഗവണ്മെൻറുസഹായത്തോടുകൂടി മരാമത്തുപണികൾ നടത്തത്തക്കവിധത്തിൽ ഇഞ്ചിനീയറിംഗ് ബിരുദധാരികൾ ഉൾക്കൊള്ളുന്ന സഹകരണസംഘങ്ങൾ രൂപീകരിക്കുവാൻ ഗവണ്മെൻറ് സത്വരനടപടി സ്വീകരിക്കുമോ ?

മരാമത്തുമന്ത്രി (ശ്രീ. ടി. കെ. ദിവാകരൻ) :

(എ) അപ്രകാരം ഒരു ആക്ഷേപം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ പല മരാമത്തുപണികളും കൺട്രാക്ടർമാരുടെ പിഴുമൂലം കാലതാമസം വരുന്നതായി ഗവണ്മെൻറിനറിയാം. പൊതുമരാമത്തുപണികൾ ഡിപ്പാർട്ടുമെൻറിന്റെ നേരിട്ടുള്ള മുമതലയിൽ നടത്തുവാൻ സാധിക്കുമോ എന്ന കാര്യം പരിഗണിച്ചുകൊണ്ടിരിക്കുകയാണ്.

(ബി) ഇഞ്ചിനീയറിംഗ് ബിരുദധാരികൾ ഉൾക്കൊള്ളുന്ന ചില സംഘടനകൾ ഇപ്പോൾത്തന്നെ നിലവിലുണ്ട്. അവക്ക് ഏതുതരത്തിലുള്ള സഹായസഹകരണങ്ങൾ നൽകാമെന്നുള്ള കാര്യം ഗവണ്മെൻറ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

മുൻസിപ്പാലിറ്റി പിരിക്കേണ്ടതായ ലൈസൻസ്

* 58. [134] ശ്രീ. എം. കെ. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തുമന്ത്രി സദയം മുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഏതെങ്കിലും മുൻസിപ്പാലിറ്റികളിൽനിന്നും മുൻസിപ്പാലിറ്റി പിരിക്കേണ്ടതായ ലൈസൻസ് ഫീസ് ഐ. എൻ. ടി. യു. സി. പിരിക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചു ;

(സി) ഇത്തരം നിയമവിരുദ്ധപ്രവർത്തനം നടത്തുന്ന സംഘടനകളുടെ മേൽ കർശനമായ നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly